വന്ന് പരിശോധന നടത്തി അസംതൃപ്തി രേഖപ്പെടുത്തി. 750 കുട്ടികളുടെ ഭാവി അനിശ്ചിതത്വത്തിലാകാൻ ഇടയാകുമെന്നതുകൊണ്ടും അതിന്റെ ഉത്തരവാദിത്വം ഗവൺമെന്റിന് ഏൽക്കേണ്ടിവരുമെന്നതുകൊണ്ടും അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, ശ്രീകൃഷ്ണപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ പ്രധാന കെട്ടിടത്തിന്റെ പണി ആരംഭിക്കുന്നതിന് 950 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും പ്രത്യേക അനുമതിയും ലഭിക്കുന്നതിനുവേണ്ടി 19-12-2004-ൽ ധനകാര്യ വകുപ്പിന് അയച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്. ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന്റെ കാര്യത്തിൽ പൊതുമരാമത്ത് വകുപ്പ് എന്നുള്ള നിലയിൽ കൂടുതൽ താൽപ്പര്യം എടുക്കുകയും അതിനുവേണ്ടി പ്രത്യേക യോഗം വിളിക്കുകയുമൊക്കെ ചെയ്തത് ബഹുമാനപ്പെട്ട മെമ്പർ ഓർക്കുന്നുണ്ടാകും. യഥാർത്ഥത്തിൽ ഇതിന്റെ പേരന്റ് ഡിപ്പാർട്ട്മെന്റ് എഡ്യൂക്കേഷനാണ്. എഡ്യൂക്കേഷൻ വകുപ്പാണ് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകേണ്ടത്. അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനും അതുപോലെ മറ്റ് സ്പെഷ്യൽ സാങ്ഷനും വരുന്ന സമയത്ത് ധനകാര്യ വകുപ്പിന്റെയും സമ്മതം ആവശ്യമാണ്. ഫോർമാലിറ്റീസ് കഴിയാൻ വേണ്ടിയുള്ള കാലതാമസമാണ് ഇതിലുണ്ടായിട്ടുള്ളത്. ഏതായാലും വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇക്കാര്യം സംസാരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഒരു സംയുക്തയോഗം എത്രയും പെട്ടെന്ന് വിളിച്ച് സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് കോളേജിന്റെ പ്രധാന കെട്ടിടത്തിന്റെ പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(4) കൊച്ചി പ്രദേശത്തെ ഗതാഗത-കുടിവെള്ള പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള വിവിധ അടിസ്ഥാന പ്രശ്നങ്ങൾ

ശ്രീ. കെ. ബാബു: സർ, വല്ലാർപാടം ട്രാൻഷിപ്മെന്റ് കണ്ടെയ്നർ ടെർമിനൽ, എൽ.എൻ.ജി. ടെർമിനൽ, പ്രത്യേക സാമ്പത്തിക സോണുകൾ, നിർദ്ദിഷ്ട സ്മാർട്ട് സിറ്റി തുടങ്ങിയ പദ്ധതികൾ കൊച്ചി പ്രദേശത്ത് വരുന്നതോടുകൂടി കൊച്ചിയുടെ അടിസ്ഥാന പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാകുകയാണ്. ഗതാഗത കുരുക്ക് കൊച്ചി നഗരത്തിന്റെ ശാപമാണ്. മരാമത്ത് വകുപ്പിന്റെ കണക്കനുസരിച്ച് അമ്പതിനായിരം പാസഞ്ചർ കാർ യൂണിറ്റിന് നാല് നിരപാതയും എഴുപതിനായിരത്തിന് എട്ടു നിര പാതയും ഒരു ലക്ഷത്തിന് പന്ത്രണ്ട് നിരപാതയുമാണ് വേണ്ടത്. കൊച്ചി നഗരത്തിൽ ഇപ്പോൾ ഒരു ലക്ഷം പാസഞ്ചർ കാർ യൂണിറ്റാണെന്നാണ് അതിന്റെ സെൻസസ് തെളിയിക്കുന്നത്. കൊച്ചി നഗരത്തിന് ആവശ്യമുള്ളതിന്റെ 50 ശതമാനം വെള്ളം പോലും ഇപ്പോൾ വിതരണം ചെയ്യുന്നില്ല. അതുപോലെ ഗാർബേജ് ഡിസ്പോസൽ നടക്കുന്നില്ല. സീവറേജ് സൗകര്യം വളരെ കുറവാണ്. ഇങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു ഉന്നതതല യോഗം വിളിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഗ്രേറ്റർ കൊച്ചിൻ ഡവലപ്പ്മെന്റ് അതോറിറ്റിയെ മെട്രോപോളിറ്റൻ അതോറിറ്റിയായി ഉയർത്താൻ സാധിക്കുമോയെന്ന് ഗവൺമെന്റ് പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കൊച്ചിയുടെ അടിസ്ഥാന പ്രശ്നങ്ങൾ വളരെ ഗൗരവമായി വരുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് ഇടപെട്ട് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): വല്ലാർപാടം ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നർ ടെർമിനലും എൽ.എൻ.ജി. ടെർമിനലും പ്രത്യേക സാമ്പത്തിക സോണുകളും അതു പോലെതന്നെ ഇന്ന് കൊച്ചിയിൽ വരുമെന്ന് നമ്മൾ പ്രതീക്ഷിക്കുന്ന മറ്റ് പല പ്രോജക്ടുകളും വരുന്നതോടുകൂടി കൊച്ചി പ്രദേശത്തുണ്ടാകുന്ന ഗതാഗത കുടിവെള്ള പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന പ്രശ്നങ്ങൾ വളരെ വേഗത്തിൽ കൈകാര്യം ചെയ്യണമെന്നത് സംബന്ധിച്ച് ഗവൺമെന്റിന് നല്ല ബോദ്ധ്യമുണ്ട്. കൊച്ചി നഗരത്തിന്റെ ശുദ്ധജല വിതരണം, ഖരമാലിന്യ നിർമ്മാർജ്ജനം, ഗതാഗത സൗകര്യം വർദ്ധിപ്പിക്കൽ, ദാരിദ്ര്യ നിർമ്മാർജ്ജനം തുടങ്ങിയ അടിസ്ഥാന വികസന സൗകര്യങ്ങൾക്കായി എ.ഡി.ബി. സഹായത്തോടെ 305.4 കോടി രൂപയുടെ ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്. അതുപോലെ ക്യാപ്പിറ്റൽ സിറ്റി ഡെവലപ്മെന്റ് ഏജൻസിയുടെ മാതൃകയിൽ കൊച്ചി നഗരത്തിന്റെ വികസനത്തിനായി ഒരു ഏജൻസി ഉടനെതന്നെ രൂപീകരിക്കുന്നതിന് ഗവൺമെന്റ് നടപടി എടുക്കും. അവിടെ കുടിവെള്ളമാണ് ഏറ്റവും വലിയ പ്രശ്നം. 2001-ലെ ശുദ്ധജലത്തിന്റെ ആവശ്യകത കണക്കിലെടുത്ത് ഒരു പ്രോജക്ടിന് രൂപം കൊടുക്കും. 510 എം.എൽ.ഡി. ജലമായിരിക്കും വേണ്ടി വരുന്നത്. ഇപ്പോൾ 190 എം.എൽ.ഡി. ജലമാണുള്ളത്. നിലവിലുള്ള ഹഡ്കോ പദ്ധതി പൂർത്തിയാകുമ്പോൾ 35 എം.എൽ.ഡി. ശുദ്ധജലം കൂടി കിട്ടും. അവശേഷിക്കുന്ന 285 എം.എൽ.ഡി. ശുദ്ധജലത്തിന് വേണ്ടിയുള്ള ഒരു ബൃഹത് പദ്ധതിക്കാണ് രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. 676 കോടി രൂപയാണ് ഇതിന് മതിപ്പ് ചെലവ് വരുന്നത്. ഈ കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റിന് ഒരു കാഴ്ചപ്പാടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എത്രയുംവേഗം അത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി കൊച്ചിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(5) ഓരിക്കടവ് പാലത്തിന്റെ പ്രവൃത്തിയുടെ പുനരാരംഭം

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: എന്റെ മണ്ഡലത്തിൽ മൂന്ന് ഭാഗം പുഴയും ഒരു ഭാഗം കടൽ അതിർത്തിയുമായിട്ടുള്ള വലിയപറമ്പ പഞ്ചായത്തിലേക്കുള്ള അനുമതി ലഭിച്ച ഓരിക്കടവ് പാലത്തിന്റെ പണി കഴിഞ്ഞ ഏഴ് വർഷമായി നടത്തിയിട്ടും ഇതുവരെ പൂർത്തിയായിട്ടില്ല. രണ്ട് തൂണുകളിൽ മാത്രമായി ഇതിന്റെ പണി നിലച്ചിപ്പോൾ ഒതുങ്ങി നിൽക്കുകയാണ്. 24 കിലോമീറ്റർ ദൈർഘ്യമുള്ള ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് മറുകരയുമായി ബന്ധപ്പെടാൻ മറ്റ് മാർഗ്ഗങ്ങളില്ല. സുനാമി ഭീഷണിയുണ്ടായ ദിവസങ്ങളിൽ ഒറ്റപ്പെട്ട് കിടക്കുന്ന ഈ ദ്വീപിലെ ജനങ്ങൾ കടുത്ത പരിഭ്രാന്തിയിലായിരുന്നു. സാങ്കേതിക കാരണങ്ങളിൽപ്പെട്ട് ഈ പാലത്തിന്റെ നിർമ്മാണം മുടങ്ങിക്കിടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അവിടെ നേരിട്ട് വന്ന് കണ്ട് ബോദ്ധ്യപ്പെട്ടതാണ്. വളരെ പെട്ടെന്നുതന്നെ ഇടപെട്ട് ഈ പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly